"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - കവടിയാർ - വഴയില റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 529/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക 4217-60-800-93 Payment of Compensation in LAR Cases എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.209/2026/LSGD** **തീയതി, തിരുവനന്തപുരം, 27-01-2026**

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ 529/2009 നമ്പർ കേസിന്മേലുള്ള 14/02/2012-ലെ വിധിന്യായം.
2. സ.ഉ.(അച്ചടി) നം. 32/2019/ധന, തീയതി, 18/03.2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/01/2026 തീയതിയിലെ എ3/2714/2012/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - വഴയില റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ സർവ്വേ നം. 41/25-ൽ ഉൾപ്പെട്ട 0.20 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 529/2009 നമ്പർ കേസിലെ ബാലൻസ് തുകയായ 8,152/- രൂപ (എണ്ണായിരത്തി ഒരുന്നൂറ്റി അമ്പത്തിരണ്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - വഴയില റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ സർവ്വേ നം. 41/25-ൽ ഉൾപ്പെട്ട 0.20 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 529/2009 നമ്പർ കേസിലെ ബാലൻസ് തുകയായ **8,152/- രൂപ (എണ്ണായിരത്തി ഒരുന്നൂറ്റി അമ്പത്തിരണ്ട് രൂപ മാത്രം)** ടി കേസിലെ കക്ഷിയായ ശ്രീ. വി. റ്റി. മാത്തൻ (S/o തോമസ്, വട്ടപറമ്പിൽ, വഴയില, പേരൂർക്കട, തിരുവനന്തപുരം)-ന് **'4217-60-800-93 Payment of Compensation in LAR Cases (PLan Charged)'** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി

നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീ. വി. റ്റി. മാത്തൻ, S/o തോമസ്, വട്ടപറമ്പിൽ, വഴയില, പേരൂർക്കട, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)

സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,

ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/418/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 27-01-2026 16:48:01

സെക്ഷൻ ഓഫീസർ